# വൈദ്യുതി മേഖലയെ തകർക്കുന്ന ഇടതൻമാർക്കെതിരെ

# പടയണി ചേരൂ



## നവംബർ 15 ലെ ചീഫ് എഞ്ചിനിയർ ഓഫീസ് മാർച്ച് വിജയിപ്പിക്കു

കഴിഞ്ഞ 18 മാസം KSEB Ltd ൽ ഇടതു സംഘടനകളും ഒഫീസർമാരും ചേർന്ന് നടത്തിയ തസ്തിക വെട്ടിനിരത്തലും ഓൺലൈൻ ട്രാൻസ്ഫർ എന്ന പേരിൽ നടത്തിയ ഇളക്കി മറിക്കലും കോപ്രായങ്ങളും വൈദ്യുതി മേഖലയിൽ അരക്ഷിതാവസ്ഥാ സൃഷ്ടിച്ചിരിക്കുകയാണ്. ഡിസ്ട്രിബ്യൂഷൻ മേഖല തകരുന്ന അവസ്ഥയിലെത്തിച്ച ഇടതൻമാരുടെ തൊഴിലാളി വഞ്ചന ജീവനക്കാർ തിരിച്ചറിഞ്ഞിരിക്കുന്നു. ഇനിയും ഇത് തുടർന്നാൽ, തുടരാൻ അനുവദിച്ചാൽ ജീവനക്കാർ ഇപ്പോൾ അനുഭവിക്കുന്ന തൊഴിൽ സംരക്ഷണം ഇല്ലാതാകും. ഇതിനെതിരെ തൊഴിലാളികൾ ഒറ്റക്കെട്ടായി പടയണി ചേരേണ്ട സമയമായി. ഭരണ വർഗ്ഗ വ്യത്യാസം നോക്കാതെ എക്കാലവും വൈദ്യുതി മേഖലയിൽ തൊഴിലാളികളോടൊപ്പം നിന്നിട്ടുള്ള ഏക സംഘടന കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) മാത്രമാണ്. മെച്ചപ്പെട്ട ശമ്പള പരിഷ്ക്കരണവും കൃത്യമായ സമയത്ത് DA യും പ്രമോഷനും നിയമനങ്ങളും നടന്നിരുന്ന UDF ഗവൺമെന്റിന്റെ കാലത്ത് ഇവിടുത്തെ ഇടതു സഹയാത്രികർക്ക് ഒരക്ഷരം ഉരിയാടാൻ ഞങ്ങൾ അവസരം നൽകിയിരുന്നില്ല. വൈദ്യുതി ഭവനിലോ മറ്റ് ഓഫീസുകളിലോ ജീവനക്കാരുടെ തസ്തികകൾ Flag ചെയ്യാൻ ഞങ്ങൾ അവസരം ഒരുക്കിയിട്ടില്ല. ഇവിടെയാണ് UDF ഗവൺമെന്റിന്റെ പ്രസക്തി. എന്നാൽ ഇപ്പോഴത്തെ LDF ഭരണത്തിൽ ഭരണാനുകൂല സംഘടനകളിൽ ഉൾപ്പെട്ടവർ പോലും മറ്റുള്ളവർക്കൊപ്പം അസ്വസ്ഥരാണ്. ഇതുമായി ബന്ധപ്പെട്ട് വല്ല്യേട്ടൻ ഒരു കത്ത് നൽകിയിട്ട് ഒന്ന് മറിച്ചു നോക്കാൻപോലും ചെയർമാൻ തയ്യാറായില്ല. ഇത് ഞങ്ങൾ പറയുന്നതല്ല. അവർതന്നെ ബോർഡ് കോൺഫറൻസിൽ ചെയർമാനോട് കരഞ്ഞ് പറഞ്ഞതാണ് കഷ്ടം. ശാന്തം..പാവം... UDF ഭരണത്തിൽ PSC ലിസ്റ്റ് 3 പ്രാവശ്യം നീട്ടി നിയമനങ്ങളും പ്രമോഷനുകളും നടത്തിയെങ്കിൽ ഇപ്പോൾ പുതിയ സെക്ഷനുകളിലെ ഒഴിവുകൾക്കുപോലും അനുവാദം നൽകുന്നില്ല, റെഗുലേറ്ററി കമ്മീഷന്റെ പേര് പറഞ്ഞ് എല്ലാ ആനുകൂല്യങ്ങളും തടയുന്നു. കമ്മീഷൻ ഒന്നും അറിഞ്ഞിട്ടേയില്ല. വിപ്ലവം വിപ്ലവത്തിന്റെ സന്തതികളെതന്നെ ഭക്ഷിക്കുന്ന അവസ്ഥ വൈദ്യുതി മേഖലയിൽ സംജാതമായിരിക്കുന്നു. കോൺഫെഡറേഷൻ തൊഴിലാളികൾക്കൊപ്പമുണ്ട്. തൊഴിലാളി വഞ്ചനയ്ക്കെതിരെ 2017 നവംബർ 15 ാം തീയതി നടക്കുന്ന തിരുവനന്തപുരം വൈദ്യുതി ഭവൻ, ചീഫ് എഞ്ചിനീയർ (നോർത്ത്), ചീഫ് എഞ്ചിനീയർ (സെൻട്രൽ) ഓഫീസുകളിലേയ്ക്ക് കോൺഫെഡറേഷൻ നടത്തുന്ന പ്രതിഷേധ മാർച്ചിൽ പങ്കെടുത്ത് ഗവൺമെന്റിനെതിരെയും ബോർഡിനെതിരെയും ഇടതു സംഘടനകൾക്കെതിരെയുമുള്ള പ്രതിഷേധം അറിയിക്കൂ. പ്രതിഷേധ മാർച്ചിന് ആധാരമായിട്ടുള്ള വിഷയങ്ങൾ വിശകലനം ചെയ്ത് ചിന്തിക്കൂ, തീരുമാനമെടുക്കൂ....

### ജനറൽ ട്രാൻസ്ഫർ അഥവാ വൈറൽ ട്രാൻസ്ഫർ വല്ല്യേട്ടനും കൊച്ചേട്ടനും നടത്തിയ പ്രതികാരം

ഇപ്പോൾ എല്ലാം വൈറൽ ആകുന്ന കാലമാണ്. കണ്ണടച്ച് നിന്നാൽ അതും വൈറലാകും. KSEBL 2017 ലെ ട്രാൻസ്ഫറും വൈറലായി. തൊഴിലാളികളെ തലങ്ങും വിലങ്ങും സ്ഥലംമാറ്റി വലച്ച് ബോർഡ് മാനേജുമെന്റും ഇടതു സംഘടനകളും താണ്ഡവ നൃത്തമാടി. വീണ്ടും അപ്പീൽ എന്ന ഓമനപേര് പറഞ്ഞ് കൊഞ്ഞനം കാട്ടി. വേണ്ടപ്പെട്ടവർക്കും ഇഷ്ടക്കാർക്കും മാത്രം അപ്പീൽ. അപ്പീൽ എല്ലാവർക്കും അവസാനം ഒരു ആപ്പായി. അടുത്ത വർഷമെങ്കിലും ഇത് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് പ്രതിഷേധിക്കണം. തൊഴിലാളികൾ ഒറ്റക്കെട്ടായി പടയണി ചേരണം. സംയുക്ത ട്രേഡ് യൂണിയൻ സംരംഭം, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്, പണിമുടക്ക് ഇതൊക്കെ വൈദ്യുതി മേഖലയിൽ ആദ്യം നമ്മുക്ക് ഒറ്റക്കെട്ടായി നടത്തണം. സംയുക്തമായി എല്ലാ യൂണിയനുകളും ഇക്കാര്യത്തിൽ സംഘടിക്കണം. നേതാക്കൾ മീശ പിരിക്കുമ്പോൾ സ്ഥാനം

പോകുമെന്ന് ഭയന്ന് ഓടരുത്, ഓടിയാൽ തൊഴിലാളി ഓടിക്കും. ട്രാൻസ്ഫർ ഉത്തരവ് ഇറങ്ങുന്നതിനുമുമ്പ് പ്രതിഷേധിക്കുന്ന കാര്യത്തിൽ ചേട്ടൻ വാവയും അനിയൻ വാവയും ഒരുമയായിരുന്നു. ഇപ്പോൾ ഉത്തരവിനെക്കുറിച്ച് എന്തേ ഉരിയാടാത്തത്?. എല്ലാം ശരിയാക്കിയല്ലേ.. ഇങ്ങനെ പോയാൽ തൊഴിലാളി ശരിയാക്കിതരും. വൈദ്യുതി മേഖലയിലെ ഈ തുഗ്ലക്ക് പരിഷ്ക്കാരങ്ങളെ മുൻനിർത്തി ഒരു റഫറണ്ടം നടത്താൻ തയ്യാറുണ്ടോ? ഇടതു ഭീഷണികളെ അവഗണിച്ച് വൻമരങ്ങൾ കടപുഴകുന്നത് കാണാം.

## തസ്തികകൾ വെട്ടിയരിഞ്ഞു.

1998 ൽ ഇടത് കാലത്താണ് 10000 ത്തോളം ഒഴിവുകൾ KSEB യിൽ ഇതിനുമുമ്പ് വെട്ടിയരിഞ്ഞത്. SNC ലാവ്ലിന്റേയും കാനഡയിലുള്ള CIDA യുടെയും നിർദ്ദേശ പ്രകാരമായിരുന്നു അതെങ്കിൽ ഇപ്പോൾ ആരുടെയാണാവോ നിർദ്ദേശം .... പാർട്ടി നിർദ്ദേശമോ? പോസ്റ്റിംഗ് സ്ട്രെങ്ത് എന്ന പേരിൽ തസ്തികകൾ പലതും ഇല്ലാതാക്കി. ട്രാൻസ്ഫർ കഴിഞ്ഞപ്പോൾ ബോർഡ് പറയുന്നു എല്ലാം പഴയപടിയെന്ന്. എല്ലാവരെയും വെട്ടിനിരത്തി കഴിഞ്ഞപ്പോൾ ..... എല്ലാം തിരിച്ചു കൊണ്ടുവന്നാൽ കൊള്ളമെന്ന്. തസ്തികകൾ കൊണ്ട് പ്രയോജനമില്ലെങ്കിൽ, തസ്തികകൾ ഉണ്ടായിട്ടും ട്രാൻസ്ഫർ വരുന്നുവെങ്കിൽ പിന്നെന്ത് ഫലം. സെക്ഷൻ ഓഫീസുകളിൽ സീനിയർ അസിസ്റ്റന്റുമാരുടെ എണ്ണം ഒന്നാക്കി വെട്ടിക്കുറച്ചു. സിവിൽ സബ് എഞ്ചിനീയർമാരുടെ എണ്ണവും വെട്ടിനിരത്തി. സബ് സ്റ്റേഷനിൽ ഓവർസിയറുടെ എണ്ണം വെട്ടിക്കുറച്ചു. ജനറേറ്റിംഗ് സ്റ്റേഷനുകളിൽപോലും permanent സബ് എഞ്ചിനീയറെ വേണ്ടാന്നുവച്ചു. സെക്ഷനുകളിൽ ലൈൻമാൻമാരുടെ എണ്ണം ചുരുക്കി. (ഇഷ്ടക്കാർ പറയുന്ന സ്ഥലങ്ങളിൽ 12 ൽ കൂടുതലും വച്ചിട്ടുണ്ട്) INTUC ക്കാരെ പൊക്കാൻ തിരഞ്ഞ് പിടിക്കുന്ന കമ്പ്യൂട്ടർ ചൈനയിൽ നിന്നോ കൊറിയയിൽ നിന്നോ? ഏതായാലും ബംഗാളിൽ നിന്നും കൊണ്ടുവരാൻ പറ്റില്ലല്ലോ. കാഷ്യറും സീനിയർ അസിസ്റ്റന്റും മീറ്റർ റീഡറും വേണ്ടാന്ന് പറയുന്നവരുടെ ഉദ്ദേശ്യം എല്ലാവർക്കും മനസ്സിലാകും. റവന്യൂ മേഖല തകർത്ത് നഷ്ടത്തിലാക്കി ഇടത് സൊസൈറ്റികൾക്ക് നൽകാനുള്ള ഗൂഢനീക്കമാണിതെന്ന് ആർക്കാണ് അറിയാത്തത്. 2010 ൽ മീറ്റർ റീഡിംഗ് കുടുംബശ്രീയെ ഏൽപ്പിച്ചവരല്ലേ. സിവിൽ സബ് എഞ്ചിനീയർമാരുടെ എണ്ണം വെട്ടിക്കുറച്ച് ജോലികൾ പുറത്ത് നൽകാനല്ലേ? ഇവരെല്ലാം കാണുന്ന ആത്മാഭിമാനമുള്ള വൈദ്യുതിതൊഴിലാളിക്ക് ഇനി ചെങ്കൊടിക്കുപിന്നിൽ അണിനിരക്കാൻ പറ്റുമോ?

ഇഷ്ടക്കാരെ ട്രെയിനിമാരാക്കാൻ കാഷ്യർ ട്രെയിനിമാരേയും ട്രാൻസ്ഫർ ചെയ്തു, കാഷ്യർ ട്രെയിനിയാകാൻ 3 വർഷം സർവീസ് വേണമെന്നിരിക്കെ 6 മാസം സർവീസുള്ളവരെ വരെ ഇരുത്തി ക്യാഷ് കളക്ഷൻ താറുമാറാക്കി ക്കൊണ്ടിരിക്കുന്നു. മീറ്റർ റീഡറെയും കാഷ്യറേയും ഇല്ലാതാക്കാൻ സ്മാർട്ട് മീറ്റർ കൊണ്ടുവരുമെന്ന് പറയുന്നവർ ആദ്യം നിലവിലുള്ള മെക്കാനിക്കൽ മീറ്റർ മുഴുവൻ മാറ്റി വയ്ക്കട്ടെ. ലോകത്ത് പല രാജ്യങ്ങളിലും ഉപഭോക്താക്കൾതന്നെ തള്ളിക്കളഞ്ഞ prepaid സംവിധാനത്തിലേക്കാണ് ഇപ്പോൾ നോട്ടം. എല്ലാം തൊട്ടുവയ്ക്കുക, നിലവിലുള്ളവരെ ഒഴിവാക്കി കഴിഞ്ഞാൽ പിന്നെ പൂർത്തിയാക്കേണ്ടതില്ലല്ലോ. ഒരു മാസത്തെ 1200 കോടി രൂപ വരുമാനത്തിന്റെ 80% ക്യാഷ് കൗണ്ടറിലൂടെയാണ് ലഭിക്കുന്നത്. തിരുവനന്തപുരം വൈദ്യുതി ഭവനിൽ വച്ചിട്ടുള്ള ക്യാഷ് ഡെപ്പോസിറ്റ് മെഷീനിൽ എത്രപേർ നിക്ഷേപിച്ചുയെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ഉത്ഘാടന കർമ്മത്തിനുശേഷം അതിന്റെ സ്ഥിതി എന്താണ്. അമേരിക്കയിൽ ബുള്ളറ്റ് ട്രെയിൻ ഓടുന്നതിന്റെ പേരിൽ അടുത്ത ആഴ്ച തിരുവനന്തപുരത്ത് ഓടിക്കാൻ പറ്റുമോ. പരിചയമുള്ള സബ് എഞ്ചിനീയർ ട്രെയിനിമാരെ മുഴുവൻ വേണ്ടാന്ന് വച്ചത് ഡിസ്ട്രിബ്യൂഷൻ ഭംഗിയാക്കാനോ. 12000 കോടി ആസ്തിയുള്ള സ്ഥാപനം 10000 കോടി വായ്പ എടുത്താൽ മാസം എത്ര തിരിച്ചടവ് വേണ്ടിവരും? ഇതൊക്കെ അധികാരികൾ പരിശോധിക്കണം. ഇവിടുത്തെ തൊഴിലാളികൾക്കും ജനങ്ങൾക്കും ആവശ്യമായ ഈ സ്ഥാപനത്തെ തകർക്കരുതേ.. എല്ലാ ഇടതു ഭരണത്തിലും KSEB നഷ്ടത്തിലാകുന്നു. എന്തുകൊണ്ട്? ചരിത്രം ആവർത്തിക്കുകയാണോ.......

## ജനറൽ ട്രാൻസ്ഫർ മാനദണ്ഡം

മാനദണ്ഡ ഉത്തരവ് പുറത്തിറക്കിയത് നിരവധി ചർച്ചകൾക്ക് ശേഷമാണ്. ചർച്ചകളിലെല്ലാം clause 17,18 ഞങ്ങൾക്ക് സ്വീകാര്യമല്ലായെന്ന് പറഞ്ഞിരുന്നു. പിന്നീട് നടത്തിയ ചർച്ചയിലും sanctioned Strength അനുസരിച്ച് Transfer നടത്തുമെന്ന് അംഗീകരിച്ചതിനുശേഷം ഉത്തരവിറക്കിയപ്പോൾ അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് പുല്ലുവില നൽകാതെ ഏകാധിപത്യപരമായി IT വിംഗിലെ ഇടത് ഓഫീസറും ശിങ്കിടികളും ചേർന്ന് ഇഷ്ടപ്രകാരം ഒഴിവുകൾ നിശ്ചയിച്ച് ഉത്തരവിറക്കി. ഇതിന്റെ ഫലമായി ജന്മ നാട്ടിലേക്ക് ട്രാൻസ്ഫർ അർഹതയുള്ള പലരും ക്യൂവിൽ നിൽക്കുകയാണ്. ഇതാണോ ജനാധിപത്യം. ഒഴിവില്ലായെങ്കിൽ അംഗീകരിക്കാം. ഇത് ഉള്ള തസ്തികകൾ posting strength എന്ന ഓമന പേരിട്ട് ഇല്ലാതാക്കി. അർഹതപ്പെട്ട സ്ഥലംമാറ്റം നിഷേധിച്ചു. ഇങ്ങനെയൊരു സാഹചര്യം ഈ സ്ഥാപനത്തിന്റെ ചരിത്രത്തിലാദ്യം. ഇതെല്ലാം അംഗീകൃത യൂണിയനുകൾ അംഗീകരിച്ചതാണെന്ന് ജനറൽ ട്രാൻസ്ഫർ ഉത്തരവിന്റെ

ആമുഖത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഞങ്ങൾ INTUC ഇതൊന്നുംതന്നെ അംഗീകരിച്ചിട്ടില്ല. ചീഫ് എഞ്ചിനീയറുമായി നടന്ന ചർച്ചയിൽ ഞങ്ങൾ ഇക്കാര്യം അറിയിച്ചിട്ടുണ്ട്. സിസ്റ്റം തന്നെ ഓരോ ജീവനക്കാരനേയും നേരിട്ട് സെക്ഷനിലേക്ക് repost ചെയ്തശേഷം വേണമെങ്കിൽ ഇനിയും shuffle ചെയ്യാമെന്ന് ഉത്തരവിന്റെ അടിയിൽ എഴുതി ചേർത്തിരിക്കുന്നു. ഇതാണോ നിങ്ങൾ പറഞ്ഞ ഓൺലൈൻ വിപ്ലവം? ജന്മസ്ഥലത്തിന് പുറത്ത് ജോലി ചെയ്യുന്ന ജീവനക്കാരൻ അർഹതപ്പെട്ട ലീവ് എടുത്താൽ പിന്നെ ഒന്നും പറയണ്ട. INTUC ഇടപെട്ടതുകൊണ്ടാണ് ലീവ് പിരിയഡ് ഡ്യൂട്ടിയായി ട്രാൻസ്ഫറിന് പരിഗണിക്കാമെന്ന് തീരുമാനിച്ചത്. വല്ല്യേട്ടനും കൊച്ചേട്ടനും ഒന്നും മിണ്ടിയില്ല. ഓഫീസർമാരെ തോന്നിയപോലെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തു. ലീവിന്റെ കാര്യത്തിൽ അവരുതന്നെ കാര്യം നേടി. ഇപ്പോഴും പല പ്രധാന വിഷയങ്ങളും അവശേഷിക്കുന്നു. 31.12.2019 ന് റിട്ടയർ ചെയ്യുന്നവർക്ക് ജന്മ നാട്ടിലേക്ക് ട്രാൻസ്ഫർ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ KSEB യുടെ ചരിത്രത്തിലാദ്യമായിട്ടാണ് അത് നിഷേധിച്ചത്. ഞങ്ങൾ ഇക്കാര്യം പലവട്ടം ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും പരിഗണിച്ചിട്ടില്ല. ട്രാൻസ്ഫർ ഗൈഡ്ലൈൻ SRS (കമ്പ്യൂട്ടർ പ്രൊഗ്രാം ഗൈഡ് ലൈൻ)ൽ ഇല്ലായെന്നാണ് പറയുന്നത്. SRS എന്തേ തുറക്കാൻ പറ്റാത്ത നിലവറ വല്ലതുമാണോ. ഓൺലൈൻ ട്രാൻസ്ഫറിലെ തിരിമറികൾ IT രംഗത്തെ സ്വതന്ത്ര ഏജൻസി അന്വേഷിക്കണം. ഒരു cluster നുള്ളിലെ internal shuffling ഒരു ഡിവിഷനുള്ളിൽ മാത്രമേ നടത്തുയെന്ന് യൂണിയനുകളുമായി ചർച്ച നടത്തി തീരുമാനം എടുത്തതിനുശേഷം ഇഷ്ടംപോലെ നടത്തി. ഇതാണോ മാനദണ്ഡം അനുസരിച്ചുള്ള ഓൺലൈൻ ട്രാൻസ്ഫർ. Internal ട്രാൻസ്ഫറിന് അപേക്ഷിച്ചവർക്ക് നൽകിയതിനുശേഷമേ പുറത്തുനിന്നുള്ള കേസുകൾ നടത്തുകയുള്ളു എന്ന് തീരുമാനിച്ചതിനുശേഷം അതിന് വിരുദ്ധമായി INTUC അംഗങ്ങളെ സ്ഥലംമാറ്റി.

കോൾ സെന്ററിൽ ലൈൻമാൻ തസ്തികയില്ലെന്ന് പറഞ്ഞ ബോർഡ് മാനേജ്മെന്റ് INTUCക്കാരനെ സ്ഥലംമാറ്റി. പക്ഷേ ഇല്ലാത്ത തസ്തികയിൽ (ലൈൻമാൻ കാൾ സെന്ററിൽ ഇരുന്നതുകൊണ്ട് വൈദ്യുതിഭവൻ കുലുങ്ങുകയൊന്നുമില്ല) CITU-AITUC അംഗങ്ങൾ ജോലി ചെയ്യുന്നു. ഓൺലൈൻ കുറ്റമറ്റതാക്കി ഉത്തരവിറക്കി എന്ന് കൊട്ടിഘോഷിക്കുന്നത് ഈ ഉത്തരവുകളെയാണോ? ഓഫീസർ ട്രാൻസ്ഫർ ഉത്തരവുകൾ പുറത്തിറക്കിയത് കൊടി ഉയർത്തിയാണ്. flagging എന്ന വിശേഷ നാമത്താൽ അറിയപ്പെടുന്ന കൊടി നാട്ടൽ. പണ്ടൊക്കെ ആലപ്പുഴയിലെ പാടത്ത് കമുകും തെങ്ങും വെട്ടി നിരത്തി കൊടി നാട്ടിയിരുന്നുവെങ്കിൽ ഇപ്പോൾ KSEB യിൽ ഓഫീസർമാരുടെ സീറ്റിൻമേൽ കൊടി കുത്തി. പല ഓഫീസർമാരുടെയും പേരുകൾക്ക് മുമ്പിൽ initialന് പകരം കൊടി എന്ന് വായിക്കാൻ തുടങ്ങിയിരിക്കുകയാണ്. സർവീസ് ബുക്കിലും HRIS ലും പേരിനൊപ്പം കൊടി എന്ന് ചേർന്നുള്ള ഉത്തരവിറക്കുമെന്നാണ് കേൾക്കുന്നത്. കലികാലം! അല്ലാതെ എന്തുപറയാൻ. തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ ബുദ്ധിമുട്ടിക്കാൻവേണ്ടി സെക്ഷൻ ഓഫീസിൽപോലും ചെങ്കൊടി കുത്തുന്നു. ഓഫീസിൽനിന്ന് പോകാതിരിക്കാനും കൊടി. എന്തേ KSEB ഇവരുടെ തറവാട് സ്വത്തോ? ഇടതു സംഘടനയിലെ ഒരു വരേണ്യ വർഗ്ഗത്തെ പ്രീതിപ്പെടുത്താൻ ചെയ്യുന്ന ഈ ധിക്കാരവും അഹങ്കാരവും സാധാരണ തൊഴിലാളികളും ഓഫീസർമാരും കണ്ടുകൊണ്ടിരിക്കുകയാണ്.

## ഭരണഘടനാ അവകാശം നിഷേധിച്ചു.

ജനാധിപത്യബോധമുള്ള ഒരു ഭരണാധികാരിയും ചെയ്യാത്ത കാര്യമാണ് KSEB മാനേജ്മെന്റ് ചെയ്തത്. ഇന്ത്യൻ ഭരണഘടനയുടെ Article 226 ധിക്കരിച്ചവർക്കെതിരെ നടപടിയെടുക്കണം. ജീവനക്കാർക്ക് ട്രാൻസ്ഫർ, പ്രമോഷൻ തുടങ്ങിയ വിഷയങ്ങളിൽ ഹൈക്കോടതിയെ സമീപിക്കരുതെന്ന് പറഞ്ഞതുവഴി ഒരു പൗരന്റെ ഭരണഘടനാ അവകാശം (Fundamental Right) നിഷേധിക്കുകയാണ് ബോർഡ് ചെയ്തത്. ഇത് ചൈനയല്ല എന്ന് മനസ്സിലാക്കിയാൽ കൊള്ളാം. ലീഗൽ അഡ്വൈസറുടെ അഭിപ്രായം പോലും മാനിക്കാത്തവർ വിഡ്ഢികളുടെ ലോകത്ത്. ഇതിനെതിരെ ശബ്ദമുയർത്തിയതും കോടതിയെ സമീപിച്ചതും അനുകൂല വിധി സമ്പാദിച്ചതും INTUC മാത്രം. ജീവനക്കാർക്കൊപ്പം INTUC മാത്രം.

## DA

ഇടതുകാലത്ത് എന്നും എപ്പോഴും DA നിഷേധിച്ചിട്ടുണ്ട്. മുമ്പ് 2008 ൽ റെഗുലേറ്ററി കമ്മീഷൻ പറഞ്ഞുവെന്ന് കള്ളം പറഞ്ഞ് DA നിഷേധിച്ചു. അന്ന് കമ്മീഷന് കത്ത് നൽകിയത് INTUC ജനറൽ സെക്രട്ടറി എം.എസ്.റാവുത്തർ ആണ്. ഇത് ആവർത്തിക്കുമെന്ന് അറിയാവുന്നതുകൊണ്ടാണ് 2016 ലെ ശമ്പള കരാറിൽ ആർട്ടിക്കിൾ V ൽ (page 13) ഞങ്ങൾ എഴുതി ചേർത്തത്. കേന്ദ്ര ഗവൺമെന്റ് Consumer Price Index പബ്ലിഷ് ചെയ്തയുടൻ തന്നെ KSEB Ltd ലും DA നൽകണമെന്ന്. എന്നാൽ കഴിഞ്ഞ DA മനപ്പൂർവ്വം 5 മാസം താമസിപ്പിച്ചു. ഇപ്പോൾ 2017 ജൂലായ് മുതലുള്ള DA 4 മാസം താമസിപ്പിച്ചിരിക്കുന്നു. ജീവനക്കാരോട് ഇവർക്ക് വെറുപ്പോ? ഒരു കാര്യം ഓർത്തോളൂ. ഒപ്പിട്ട കരാറിന് വിരുദ്ധമായി

ചെയ്താൽ നിയമപരമായി ഉത്തരം പറയേണ്ടിവരും. ഇതൊക്കെ പറയുമ്പോൾ യൂണിയൻ പ്രവർത്തനം നിഷേധിക്കുമെന്ന് പറഞ്ഞ് പേടിപ്പിച്ചാൽ പേടിക്കുന്നവരല്ല INTUC, ഓർത്താൽ നന്ന്. നിങ്ങൾക്കെന്തുമാകാം സംസ്ഥാനത്തിനോ, കേന്ദ്രത്തിനോ എതിരെ രാഷ്ട്രീയ പ്രേരിതമായി പ്രതിഷേധിക്കാം പ്രകടനം നടത്താം മറ്റുള്ളവർക്ക് അത് പറ്റില്ല. ഇടതു ഭരണത്തിലെ തെറ്റ് ചൂണ്ടിക്കാട്ടിയാൽ അവിടെ flag ചെയ്യും അത് service conduct rule ന് വിരുദ്ധം. 'ഇദീ അമീൻ' കാലം അല്ലാതെന്തു പറയാൻ. SRPC യോഗത്തിന് 50 ലക്ഷവും ബോർഡ് മീറ്റിംഗ് താജ് ഹോട്ടലിലും ബോൾഗാട്ടി പാലസിലും നടത്തി ധൂർത്തടിക്കുന്നവർ തൊഴിലാളികളുടെ DA നിഷേധിക്കുന്നു. 10 ലക്ഷം വരെയുള്ള ബില്ലുകൾ Pre-audit നടത്താതെ പാസ്സാക്കുന്നവർ ആരുടെ സാമ്പത്തിക താത്പര്യമാണ് സംരക്ഷിക്കുന്നത്. DA നൽകാൻ കേവലം ഒന്നരക്കോടി രൂപയിൽ താഴെ മാത്രമാണ് വേണ്ടിവരുന്നത്. ധാർഷ്ട്യം കളയൂ DA നൽകൂ മെച്ചപ്പെട്ട തൊഴിൽ ബന്ധം നിലനിർത്തൂ.

## Medical Reimbursement - ആശ്രിത നിയമനം

എല്ലാം നിഷേധിക്കാനുള്ള കറുത്ത കൈകൾ പ്രവർത്തനം ആരംഭിച്ചു. വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്ന റീഇംബഴ്സ്മെന്റിന്റെ കഴുത്തിന് കത്തി വച്ചിരിക്കുന്നു. IIM ന്റെ പേര് പറഞ്ഞ് ആശ്രിത നിയമനം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നു. ഈ പറഞ്ഞ IIM, IIM റിപ്പോർട്ട് UDF ഭരണകാലത്ത് തന്നെ തള്ളിക്കളഞ്ഞതാണ്. അത് INTUC ഇടപെട്ട് തള്ളിക്കളയിച്ചതാണ്.

## ഗ്രേഡ് നിഷേധം പ്രമോഷൻ നിഷേധം നിയമന നിരോധനം

ഉഭയകക്ഷി കരാറിലൂടെ നേടിയ ഗ്രേഡ് നിഷേധിക്കാൻ അവകാശമില്ലെന്നിരിക്കെ അത് നിഷേധിക്കാൻ ഉത്തരവിറക്കിയത് വിവരക്കേടല്ലേ? ഇത് തിരുത്താൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടെത്ര നാളായി. ഉത്തരവ് റദ്ദ് ചെയ്യിക്കാൻ INTUC ക്ക് അറിയാം. റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ഞങ്ങൾ ബോർഡിന് നൽകിയതാണ്. നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ CEA റെഗുലേഷൻ വേണ്ടായെന്ന് കമ്മീഷൻ പറഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് വായിച്ചിട്ട് മനസ്സിലാകുന്നില്ലേ.... ഇതൊന്നും ഒരു ജനാധിപത്യ സംവിധാനത്തിന് ചേർന്നതല്ല. KSEB Ltd ന്റെ ശക്തമായ പ്രവർത്തനത്തിന് എല്ലാ നിയമനങ്ങളും പ്രമോഷനുകളും ഉടൻ നടത്തണം. അംഗീകൃത സംഘടനകൾ നൽകുന്ന കത്തുകൾ അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കണം

## 200 MW സോളാർ പാർക്ക് ഉപേക്ഷിച്ചത് എന്തിന്

UDF സർക്കാർ കൊണ്ടുവന്ന 200 MW സോളാർ പാർക്ക് ഉപേക്ഷിച്ചിരിക്കുന്നു. അത് 50 MW ൽ ഒതുക്കി നിർത്താൻ ക്യാബിനറ്റ് തീരുമാനം. ഈ പദ്ധതിക്കെതിരെ യാതൊരു ജനകീയ സമരങ്ങളുമില്ല. എന്നിട്ടും പദ്ധതി ഉപേക്ഷിച്ചു. പാർട്ടി ഗ്രാമങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി KSEB യുടെ 40 കോടി രൂപ നഷ്ടപ്പെടുവാൻ പോകുന്നു. 2006-2011 കാലഘട്ടത്തിൽ ഒറീസ്സയിലെ വൈതരണിയിൽ സ്ഥലം ഏറ്റെടുത്ത് പദ്ധതി നടപ്പാക്കാൻ പറ്റാതെ വന്നപ്പോൾ 50 കോടി നഷ്ടമായി. ഇതൊന്നും തൊഴിലാളികളുടെ കുഴപ്പം കൊണ്ടല്ല. ലാഭം ഉണ്ടാക്കേണ്ടത് ജീവനക്കാരുടെ എണ്ണം കുറച്ചല്ല. UDF ഭരണകാലത്ത് 5000ത്തോളം നിയമനങ്ങളും 10000ത്തോളം പ്രമോഷനുകളും നടത്തിയിട്ടും KSEB ലാഭത്തിൽ ആയിരുന്നു. ഇപ്പോൾ നഷ്ടത്തിന്റെ കള്ള കണക്ക് പറഞ്ഞ് KSEB യെ KSRTC പോലെയാക്കുമെന്ന് പറഞ്ഞ് ഭയപ്പെടുത്തി വെട്ടിനിരത്താൻ അനുവദിക്കുകയില്ല. വൈദ്യുതി ബോർഡിലെ തൊഴിലാളിവിരുദ്ധവും ജനദ്രോഹപരവുമായ നടപടികൾക്കെതിരെ കക്ഷിരാഷ്ട്രീയ ഭേദമന്യേ മുഴുവൻ തൊഴിലാളികളും അണിനിരക്കേണ്ട സമയമായിരിക്കുന്നു. നവംബർ 15 ന് കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) നടത്തുന്ന പ്രതിഷേധ മാർച്ചിൽ എല്ലാ ജീവനക്കാരും പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**കെ.പി.ധനപാലൻ Ex.M.P**
പ്രസിഡന്റ്

**സിബിക്കുട്ടി ഫ്രാൻസിസ്**
ജനറൽ സെക്രട്ടറി

*കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) പ്രസിദ്ധീകരണം*